# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# NATIONAL BULLETIN

**DATE: 08.10.2026** | **പ്രധാന വാർത്തകൾ** | **TIME : 07.25 PM**

1. മൊബൈൽ ഫോണുകൾ ആശയവിനിമയത്തിനുള്ള ഉപാധി എന്നതിലുപരി മികച്ച ഭരണനിർവഹണത്തിനുള്ള നിർണായക ഉപകരണമായി മാറിയെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.

   **Prime Minister Narendra Modi stated that mobile phones have evolved beyond mere tools for communication into crucial instruments for effective governance.**

2. നികുതി ഉദ്യോഗസ്ഥർക്ക് അറസ്റ്റ് ചെയ്യാൻ ഉണ്ടായിരുന്ന അധികാരം ജി.എസ്.ടി കൗൺസിൽ റദ്ദാക്കിയതായി കേന്ദ്ര ധനമന്ത്രി നിർമ്മല സീതാരാമൻ.

   **Union Finance Minister Nirmala Sitharaman stated that the GST Council has revoked the arrest powers held by tax officials.**

3. ഔഷധ നിർമ്മാണ കമ്പനികൾ ഡോക്ടർമാർക്ക് സമ്മാനങ്ങളും ആനുകൂല്യങ്ങളും നൽകുന്നതിന് നിയമപരമായ നിയന്ത്രണം ആവശ്യമാണോ എന്ന് പരിശോധിക്കാൻ മൂന്നംഗ സമിതി രൂപീകരിക്കാൻ കേന്ദ്ര സർക്കാരിന് സുപ്രീം കോടതി നിർദ്ദേശം.

   **The Supreme Court has directed the Central Government to constitute a three-member committee to examine whether legal regulations are required regarding the provision of gifts and benefits to doctors by pharmaceutical companies.**

4. 2026-ലെ സാഹിത്യത്തിനുള്ള നോബൽ സമ്മാനം കനേഡിയൻ എഴുത്തുകാരി ആൻ കാർസന്.

   **The 2026 Nobel Prize in Literature goes to Canadian writer Anne Carson.**

5. കേരളത്തിൽ വരും ദിവസങ്ങളിൽ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യത. ഇന്ന് ഏഴ് ജില്ലകളിലും നാളെ ഒൻപത് ജില്ലകളിലും മഞ്ഞ ജാഗ്രത.

   **Isolated heavy rain is likely in Kerala over the coming days. A 'Yellow Alert' has been issued for seven districts today and nine districts tomorrow.**

6. ഇന്ത്യ - വെസ്റ്റ് ഇൻഡീസ് ടി 20 പരമ്പരയിലെ രണ്ടാം മത്സരം നാളെ റാഞ്ചിയിൽ.

   **The second match of the India-West Indies T20 series will be played in Ranchi tomorrow.**

*********************************************

## INDIA MOBILE CONGRSE PM

വിദ്യാഭ്യാസം, ആരോഗ്യം, സർക്കാർ സേവനങ്ങൾ എന്നിവയ്ക്ക് ഡിജിറ്റൽ കണക്റ്റിവിറ്റി വലിയ കരുത്ത് പകർന്നതായി പ്രധാനമന്ത്രി മോദി. വിദൂര ഗ്രാമങ്ങളിലെ കുട്ടികൾക്കും ദരിദ്ര കുടുംബങ്ങളിൽ നിന്നുള്ളവർക്കും പോലും ഇപ്പോൾ ഗുണനിലവാരമുള്ള അറിവ് നേടാൻ കഴിയുന്നുണ്ട്. കഴിഞ്ഞ 10-12 വർഷത്തിനിടയിൽ, മൊബൈൽ ഫോണുകൾ ആധുനിക ആശയവിനിമയത്തിനുള്ള ഉപാധി എന്നതിലുപരി മികച്ച ഭരണനിർവഹണത്തിനുള്ള നിർണായക ഉപകരണമായും മാറിയെന്ന് പ്രധാനമന്ത്രി പറഞ്ഞു. രാജ്യത്തെ എല്ലാ ജില്ലകളിലും 5 ജി കണക്റ്റിവിറ്റി എത്തി. ന്യൂഡൽഹിയിലെ യശോഭൂമിയിൽ ഇന്ത്യ മൊബൈൽ കോൺഗ്രസിന്റെ പത്താം പതിപ്പ് പ്രധാനമന്ത്രി നരേന്ദ്ര മോദി ഉദ്ഘാടനം ചെയ്തു. ടെലികോം, ഡിജിറ്റൽ കണക്റ്റിവിറ്റി, സാങ്കേതിക നവീകരണം എന്നീ മേഖലകളിൽ ഇന്ത്യ

കൈവരിച്ച പുരോഗതി അടയാളപ്പെടുത്തുന്നതാണ് നാല് ദിവസത്തെ പരിപാടി.

*********************************

## INDIA MOBILE CONGRSE JYOTIRADITYA SCINDIA

ലോകത്ത് ഏറ്റവും കുറഞ്ഞ നിരക്കിൽ ഡാറ്റ ലഭ്യമാകുന്ന രാജ്യങ്ങളിലൊന്നായി ഇന്ത്യ മാറിയെന്ന് കേന്ദ്ര വാർത്താവിനിമയ മന്ത്രി ജ്യോതിരാദിത്യ സിന്ധ്യ. 2014-ൽ ഒരു ജിഗാബൈറ്റ് ഡാറ്റയ്ക്ക് 268 രൂപയായിരുന്നെങ്കിൽ ഇന്ന് അതിന് എട്ട് രൂപയോളം മാത്രമേ ചെലവാകുന്നുള്ളൂവെന്ന് മന്ത്രി പറഞ്ഞു. ന്യൂഡൽഹിയിൽ ഇന്ത്യ മൊബൈൽ കോൺഗ്രസിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

*********************************

## GST COUNCIL MEETING

നികുതി ഉദ്യോഗസ്ഥർക്ക് അറസ്റ്റ് ചെയ്യാൻ ഉണ്ടായിരുന്ന അധികാരം ജി.എസ്.ടി കൗൺസിൽ റദ്ദാക്കി. നിയമനടപടി സ്വീകരിക്കുന്നതിനുള്ള തുകയുടെ പരിധി 5 കോടി രൂപയായി ഉയർത്തിയെന്നും കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ 57-ാമത് ജി.എസ്.ടി കൗൺസിലിന് ശേഷം ന്യൂഡൽഹിയിൽ മാധ്യമങ്ങളെ അറിയിച്ചു. ജി എസ് ടി നിരക്കുകളിൽ മാറ്റം വരുത്തിയിട്ടില്ലെന്നും ധനമന്ത്രി വ്യക്തമാക്കി. നികുതി നോട്ടീസുകൾക്കും അനുബന്ധ നടപടികൾക്കും രാജ്യത്തുടനീളം ഏകീകൃത മാനദണ്ഡം കൊണ്ടുവരും. 10,000 രൂപയോ അതിൽ കുറവോ തുകയുള്ള വിഷയങ്ങളിൽ ഇനി മുതൽ നികുതിദായകർക്ക് നോട്ടീസ് അയക്കില്ല.

*********************************

## SC COMMITTEE PHARMACEUTICAL

ഔഷധ നിർമ്മാണ കമ്പനികൾ ഡോക്ടർമാർക്ക് സമ്മാനങ്ങളും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിന് നിയമപരമായ നിയന്ത്രണം

ആവശ്യമാണോ എന്ന് പരിശോധിക്കാൻ മൂന്നംഗ സമിതി രൂപീകരിക്കാൻ കേന്ദ്ര സർക്കാരിന് സുപ്രീം കോടതിയുടെ നിർദ്ദേശം. ഇത്തരം ഇടപാടുകൾക്കെതിരെ നടപടി ആവശ്യപ്പെട്ടുള്ള ഹർജി പരിഗണിക്കവെയാണ് ജസ്റ്റിസുമാരായ വിക്രം നാഥ്, സന്ദീപ് മേത്ത എന്നിവരടങ്ങിയ ബെഞ്ച് ഉത്തരവ് പുറപ്പെടുവിച്ചത്. ഉത്തരവ് നടപ്പാക്കിയതുമായി ബന്ധപ്പെട്ട് സത്യവാങ്മൂലം സമർപ്പിക്കാൻ കേന്ദ്ര സർക്കാരിനോട് നിർദേശിച്ചിട്ടുണ്ട്. കേസ് ജനുവരി 29ന് വീണ്ടും പരിഗണിക്കും.

**********************************

## VAISHNAW - AI (INTRO)

സ്റ്റാർട്ടപ്പുകൾ, വിദ്യാഭ്യാസം, ഗവേഷണം എന്നീ മേഖലകളിൽ നിർമ്മിത ബുദ്ധി ലഭ്യമാക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ്. ന്യൂഡൽഹിയിൽ 'വേൾഡ് ഡെവലപ്മെന്റ് റിപ്പോർട്ട് - 2026' പ്രകാശനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. AI പ്രയോജനപ്പെടുത്തി നേട്ടങ്ങൾ കൈവരിച്ച രാജ്യങ്ങളുടെ പട്ടികയിൽ ഇന്ത്യയും ഇടംപിടിച്ചതായി അദ്ദേഹം പറഞ്ഞു.

(വോയിസ്....)

**********************************

## PRE-COP 31- BHUPENDER YADAV

കാലാവസ്ഥാ വ്യതിയാനത്തിനെതിരെയുള്ള നടപടികൾ വേഗത്തിലാക്കാൻ നൂതന പരിഹാരങ്ങളും തുടർച്ചയായ പരിഷ്കാരങ്ങളും ആവശ്യമാണെന്ന് കേന്ദ്ര പരിസ്ഥിതി മന്ത്രി ഭൂപേന്ദർ യാദവ്. കോപ് 31 കാലാവസ്ഥാ വ്യതിയാന സമ്മേളനത്തിന് മുന്നോടിയായുള്ള പ്ലീനറി ചർച്ചയിൽ സംസാരിക്കുകയായിരുന്നു കേന്ദ്രമന്ത്രി. കാലാവസ്ഥാ വ്യതിയാനത്തിന്റെ പ്രത്യാഘാതങ്ങൾ തീവ്രമായ ഈ സാഹചര്യത്തിൽ, വാക്കുകൾക്കപ്പുറം കൃത്യമായ നടപടികൾ അനിവാര്യമാണെന്നും കേന്ദ്രമന്ത്രി വ്യക്തമാക്കി.

*********************************

## NOBEL-LITERATURE-CARSON

2026-ലെ സാഹിത്യത്തിനുള്ള നോബൽ സമ്മാനം കനേഡിയൻ എഴുത്തുകാരി ആൻ കാർസന്. ക്ലാസിക്കൽ ശൈലിയോടു ചേർന്നു നിന്ന് സമകാലിക സാഹിത്യത്തിന് വൈവിധ്യമാർന്ന സംഭാവനകൾ നല്കിയതിനാണ് പുരസ്കാരം. സ്റ്റോക്ക്ഹോമിലെ സ്വീഡിഷ് അക്കാദമിയാണ് പുരസ്കാരം പ്രഖ്യാപിച്ചത്.

*********************************

## PM-WCD SUMMIT

വനിതാ-ശിശു വികസന വകുപ്പുതലത്തിലെ ഉച്ചകോടിയുടെ നാളെ നടക്കുന്ന സമാപന സമ്മേളനത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി പങ്കെടുക്കും. ഇന്ന് ആരംഭിച്ച രണ്ട് ദിവസത്തെ ഉച്ചകോടിയിൽ, എല്ലാ സംസ്ഥാനങ്ങളിലും നിന്നുമുള്ള വനിതാ-ശിശു വികസന രംഗത്തെ നേതാക്കളും ഉദ്യോഗസ്ഥരും പങ്കെടുക്കുന്നുണ്ട്.

*********************************

## RAMESH CHENNITHALA

സ്വായുടെ മറവിലെ നിയമവിരുദ്ധ പ്രവർത്തനങ്ങൾക്കെതിരെ ശക്തമായ നടപടികൾ ഉണ്ടാകുമെന്നും ഇതിനായി ഡി.ജി.പിയെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തല. സ്വായുടെ മറവിൽ തട്ടിപ്പുകളും ലൈംഗികാതിക്രമങ്ങളും ആളുകളെ ഭീഷണിപ്പെടുത്തുന്ന സംഭവങ്ങളും ഉണ്ടാവുന്നതായി പരാതി ലഭിക്കുന്നുണ്ടെന്നും ഇത്തരം കാര്യങ്ങൾ അംഗീകരിക്കാനാവില്ലെന്നും അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു.

*********************************

## RAIN-KERALA

കേരളത്തിൽ വരും ദിവസങ്ങളിൽ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. ഇന്ന് ഏഴ് ജില്ലകളിലും നാളെ ഒൻപത് ജില്ലകളിലും മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. തിരുവനന്തപുരം ജില്ലയിലെ കാപ്പിൽ മുതൽ പൊഴിയൂർ വരെയുള്ള തീരങ്ങളിൽ നാളെ രാത്രി 11.30 വരെ കടലാക്രമണത്തിന് സാധ്യതയുള്ളതിനാൽ മത്സ്യത്തൊഴിലാളികൾ ജാഗ്രത പാലിക്കണം.

*******************************

## SEVA SANKALP (INTRO)

പ്രധാനമന്ത്രി നരേന്ദ്രമോദി, ഭരണനേതൃത്വത്തിൽ 25 വർഷം പൂർത്തിയാക്കുന്നതിന്റെ ഭാഗമായി രാജ്യമെമ്പാടും വിവിധ പരിപാടികൾ പുരോഗമിക്കുന്നു. എല്ലാവരെയും ഉൾകൊള്ളിച്ചുകൊണ്ടുള്ള വികസനത്തിന്റേയും സാമൂഹിക ശാക്തീകരണത്തിന്റേയും ഉദാഹരണമാണ് കേരളത്തിലെ കൊച്ചി വാട്ടർ മെട്രോ സർവീസ്.

ആകാശവാണി ലേഖക ൻ സ്മിതി എം പള്ളുരുത്തി തയ്യാറാക്കിയ റിപ്പോർട്ട്....

(ഹോൾഡ് വോയ്സ്........)

*******************************

## T 20 CRICKET

ഇന്ത്യ - വെസ്റ്റ് ഇൻഡീസ് ടി 20 ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരം നാളെ. റാഞ്ചിയിൽ വൈകിട്ട് 7 മണിക്കാണ് കളി ആരംഭിക്കുക. 5 മത്സര പരമ്പരയിൽ ഇന്ത്യ 1-0 ന് മുന്നിലാണ്. മൂന്നാം ടി-20 മത്സരം ഞായറാഴ്ച ഇൻഡോറിൽ നടക്കും.

*******************************

## AIR FORCE DAY- AP SINGH

ഇന്ത്യൻ വ്യോമസേനയുടെ 94-ാം വാർഷികം ഇന്ന് ആഘോഷിക്കുന്നു. ഇന്ത്യൻ വ്യോമസേനയുടെ വർധിച്ചുവരുന്ന ശേഷിയെക്കുറിച്ച് എടുത്തുപറഞ്ഞ എയർ ചീഫ് മാർഷൽ എ.പി. സിംഗ്, സേനയുടെ യഥാർത്ഥ കരുത്ത് അത്യാധുനിക ഉപകരണങ്ങളിലോ സാങ്കേതികവിദ്യയിലോ മാത്രമല്ല, മറിച്ച് വ്യോമസേനാ പോരാളികളിലാണെന്ന് ചൂണ്ടിക്കാട്ടി. ഗാസിയാബാദിലെ ഹിൻഡൻ വ്യോമസേനാ താവളത്തിൽ നടന്ന ചടങ്ങിൽ സംസാരിക്കവെ, ദേശീയ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിൽ വ്യോമശക്തിക്കുള്ള പങ്ക് അദ്ദേഹം എടുത്തുപറഞ്ഞു.

**********************************

## COAL-MINES

സാങ്കേതികവിദ്യയിലും നിർമ്മാണത്തിലും ഇന്ത്യയെ മുൻപന്തിയിൽ എത്തിക്കാൻ തദ്ദേശീയ ഗവേഷണം, നവീകരണം എന്നിവ പ്രോത്സാഹിപ്പിക്കേണ്ടത് അനിവാര്യമാണെന്ന് കേന്ദ്ര മന്ത്രി സതീഷ് ചന്ദ്ര ദുബെ. മഹാരാഷ്ട്രയിലെ പൂനെയിൽ ആര്യൻസ് വേൾഡ് ടെക് & ഇന്നോവേഷൻ സമ്മിറ്റ്-26 ഉദ്ഘാടനം ചെയ്യുകയായിരിന്നു അദ്ദേഹം. മൂന്ന് ദിവസത്തെ സമ്മേളനത്തിൽ സാങ്കേതികവിദ്യ, ഗവേഷണം, ഊർജ്ജം, ധാതുക്കൾ എന്നിവ ഉൾപ്പെടെയുള്ള വിഷയങ്ങൾ ചർച്ച ചെയ്യും.

**********************************

## JAISHANKAR GHANA VISIT

ഇന്ത്യയും ഘാനയും തമ്മിലുള്ള ദീർഘകാല പങ്കാളിത്തം കൂടുതൽ ശക്തമാക്കുമെന്ന് വിദേശകാര്യ മന്ത്രി എസ് ജയശങ്കർ. ആരോഗ്യം, കൃഷി, ഔഷധ മേഖല, ഖനനം, പ്രതിരോധം, റെയിൽവേ, ഡിജിറ്റൽ സാങ്കേതികവിദ്യ എന്നീ മേഖലകളിൽ സഹകരണം ആഴത്തിലാക്കാനാണ് ശ്രമിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. കാർഷിക ഗവേഷണം, വിദ്യാഭ്യാസം, ജൈവവൈവിധ്യം,

ശാസ്ത്രീയ ഗവേഷണം, ശേഷി വർദ്ധിപ്പിക്കൽ എന്നിവയുമായി ബന്ധപ്പെട്ട കരാറുകൾ ഇരുപക്ഷവും കൈമാറി.

**********************************

## REV UN-INDIA-PAK

ഭീകരവാദ വിഷയത്തിൽ പാകിസ്ഥാൻ ഇരട്ടത്താപ്പ് നയം സ്വീകരിക്കുന്നുവെന്ന് ഇന്ത്യ ആരോപിച്ചു. ജെയ്ഷെ-ഇ-മുഹമ്മദ് തലവൻ മസൂദ് അസ്ഹറിനെക്കുറിച്ചുള്ള വിവരങ്ങൾ നൽകുന്നവർക്ക് പാരിതോഷികം പ്രഖ്യാപിച്ചുകൊണ്ട്, ഭീകര സംഘടനകൾക്ക് തങ്ങൾ നൽകുന്ന പിന്തുണയെ മറച്ചുവെക്കാനാണ് പാകിസ്ഥാന്റെ ശ്രമമെന്ന് ഇന്ത്യ കുറ്റപ്പെടുത്തി. ഐക്യരാഷ്ട്രസഭയുടെ പൊതുസഭയിൽ സംസാരിക്കവെ ഇന്ത്യയുടെ ഫസ്റ്റ് സെക്രട്ടറി രഘു പുരിയാണ് ഇങ്ങനെ പറഞ്ഞത്. ഇന്ത്യ സ്വന്തം ജനങ്ങളെ സംരക്ഷിക്കുമെന്നും, രാജ്യത്തിനെതിരായ തുടർച്ചയായ ഭീകര പ്രവർത്തനങ്ങൾക്ക് പ്രത്യാഘാതങ്ങൾ നേരിടേണ്ടിവരുമെന്നും അദ്ദേഹം മുന്നറിയിപ്പ് നൽകി.

**********************************

## KISAN CRICKET LEAGUE - WAVES OTT

പ്രസാർ ഭാരതിയും ഇൻ-ഡോട്ട് സ്പോർട്സ് പ്രൈവറ്റ് ലിമിറ്റഡും സംയുക്തമായി'കിസാൻ ക്രിക്കറ്റ് ലീഗ് ആരംഭിക്കുന്നു. രാജ്യത്തിന്റെ ഗ്രാമീണ മേഖലകളിൽ നിന്നും ക്രിക്കറ്റ് താരങ്ങളെയും ഗായകരെയും കണ്ടെത്തുന്നതിനായി രൂപപ്പെടുത്തിയ ദേശീയ കായിക-പ്രതിഭാ വേദിയാണ് കെ സി എൽ.

*

**************

******************************************